**HADIA CSE Khutba Notes (29.09.2017)**

## ലാ ഇക്റാഹ ഫിദ്ദീൻ

ഇസ്‌ലാമിന്റെ കൂടെ വേറെയും അനേകം മതങ്ങളെ അല്ലാഹു ലോകത്ത് പടച്ചിട്ടുണ്ട്.

وَلَوْ شَاءَ رَبُّكَ لَجَعَلَ النَّاسَ أُمَّةً وَاحِدَةً وَلَا يَزَالُونَ مُخْتَلِفِينَ (هود 118)

وَلَوْ أَنَّ قُرْآنًا سُيِّرَتْ بِهِ الْجِبَالُ أَوْ قُطِّعَتْ بِهِ الْأَرْضُ أَوْ كُلِّمَ بِهِ الْمَوْتَى بَلْ لِلَّهِ الْأَمْرُ جَمِيعًا أَفَلَمْ يَيْأَسِ الَّذِينَ آمَنُوا أَنْ لَوْ يَشَاءُ اللَّهُ لَهَدَى النَّاسَ جَمِيعًا وَلَا يَزَالُ الَّذِينَ كَفَرُوا تُصِيبُهُمْ بِمَا صَنَعُوا قَارِعَةٌ أَوْ تَحُلُّ قَرِيبًا مِنْ دَارِهِمْ حَتَّى يَأْتِيَ وَعْدُ اللَّهِ إِنَّ اللَّهَ لَا يُخْلِفُ الْمِيعَادَ (الرعد 31)

എന്താണ് വിശുദ്ധമായ ഇസ്‌ലാമും മറ്റു മതങ്ങളും തമ്മിലുള്ള വ്യത്യാസം? മറ്റു മതങ്ങൾ കേവലം ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും (അമ്പലത്തിൽ പോവുക, വിളക്ക് കത്തിച്ചുവെക്കുക, മാമോദീസ മുക്കുക, കുമ്പസരിക്കുക തുടങ്ങിയവ ഉദാഹരണം) മാത്രമാണ്. എന്നാൽ ഇസ്‌ലാം ഒരു സമ്പൂർണ ജീവിതവഴി (ശരീഅത്ത്) ആണ്. ഒരു വിശ്വാസിയുടെ ജീവിതത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെ ഇസ്‌ലാം നിയന്ത്രിച്ചു കൊണ്ടിരിക്കുന്നു.

وَمَا مِنْ دَابَّةٍ فِي الْأَرْضِ وَلَا طَائِرٍ يَطِيرُ بِجَنَاحَيْهِ إِلَّا أُمَمٌ أَمْثَالُكُمْ مَا فَرَّطْنَا فِي الْكِتَابِ مِنْ شَيْءٍ ثُمَّ إِلَى رَبِّهِمْ يُحْشَرُونَ (الأنعام 38)

وَيَوْمَ نَبْعَثُ فِي كُلِّ أُمَّةٍ شَهِيدًا عَلَيْهِمْ مِنْ أَنْفُسِهِمْ وَجِئْنَا بِكَ شَهِيدًا عَلَى هَؤُلَاءِ وَنَزَّلْنَا عَلَيْكَ الْكِتَابَ تِبْيَانًا لِكُلِّ شَيْءٍ وَهُدًى وَرَحْمَةً وَبُشْرَى لِلْمُسْلِمِينَ (النحل 89)

ഇത് അംഗീകരിക്കാൻ തയ്യാറുള്ള ഏതൊരാൾക്കും എപ്പോഴും ആരുടെയും സമ്മതമോ അനുവാദമോ ഇല്ലാതെ ഇസ്‌ലാമിലേക്ക് കടന്നുവരാം. ഇനി ഒരാൾക്ക് താൽപര്യമില്ലെങ്കിൽ അയാൾക്ക് ഇസ്‌ലാമിക വിശ്വാസാദർശങ്ങളിൽ നിന്ന് മാറിനിൽക്കാനും ഭൗതിക ലോകത്ത് പൂർണമായ സ്വാതന്ത്ര്യമുണ്ട്.

وَقُلِ الْحَقُّ مِنْ رَبِّكُمْ فَمَنْ شَاءَ فَلْيُؤْمِنْ وَمَنْ شَاءَ فَلْيَكْفُرْ إِنَّا أَعْتَدْنَا لِلظَّالِمِينَ نَارًا أَحَاطَ بِهِمْ سُرَادِقُهَا وَإِنْ يَسْتَغِيثُوا يُغَاثُوا بِمَاءٍ كَالْمُهْلِ يَشْوِي الْوُجُوهَ بِئْسَ الشَّرَابُ وَسَاءَتْ مُرْتَفَقًا (الكهف 29)

കാരണം ഇസ്‌ലാമിക വീക്ഷണത്തിൽ, ഒരാൾ മുസ്‌ലിമായാൽ അതിന്റെ ഗുണം ആത്യന്തികമായി അയാൾക്ക് മാത്രമാണ്. ആയില്ലെങ്കിൽ അതിന്റെ ദോഷവും അയാൾക്കു തന്നെ. ഇക്കാര്യം ഖുർആൻ നംല് 92, ഇസ്രാഈൽ 15, യൂനുസ് 108, സുമർ 41 മുതലായവയിൽ പരാമർശിക്കുന്നുണ്ട്. ചിലർ മനസ്സിലാക്കിവെച്ചിട്ടുള്ളത് ഒരാൾ ഇസ്‌ലാമിലേക്ക് പുതുതായി കടന്നുവന്നാൽ അതിന്റെ ഗുണം അല്ലാഹുവിനോ സമുദായത്തിനോ ആണെന്നാണ്. ഒരിക്കലുമല്ല. അല്ലാഹു പറഞ്ഞതായി തിരുമേനി(സ്വ) പ്രസ്താവിക്കുന്നു: *ഇന്നമാ ഖലഖ്തുൽ ഖൽഖ ലിയർബഹു അലയ്യ. ലാ അഖ്‌ലുഖഹും ലി അർബഹ അലൈഹിം* (ഇഹ്‌യാ). ഏറെ പ്രശസ്തമായ ഒരു നബിവചനത്തിൽ നിന്ന് ഇക്കാര്യം കൂടുതൽ സ്പഷ്ടമാണ്.

عَنْ أَبِى ذَرٍّ عَنِ النَّبِىِّ –صلى الله عليه وسلم– فِيمَا رَوَى عَنِ اللَّهِ تَبَارَكَ وَتَعَالَى أَنَّهُ قَالَ « يَا عِبَادِى إِنِّى حَرَّمْتُ الظُّلْمَ عَلَى نَفْسِى وَجَعَلْتُهُ بَيْنَكُمْ مُحَرَّمًا فَلاَ تَظَالَمُوا يَا عِبَادِى كُلُّكُمْ ضَالٌّ إِلاَّ مَنْ هَدَيْتُهُ فَاسْتَهْدُونِى

أَهْـدِكُمْ يَـا عِبَـادِى كُلُّكُـمْ جَـائِعٌ إِلاَّ مَـنْ أَطْعَمْتُـهُ فَاسْـتَطْعِمُونِى أُطْعِمْكُـمْ يَـا عِبَـادِى كُلُّكُـمْ عَـارٍ إِلاَّ مَـنْ كَسَـوْتُهُ فَاسْتَكْسُـونِى أَكْسُـكُمْ يَـا عِبَـادِى إِنَّكُـمْ تُخْطِئُـونَ بِاللَّيْـلِ وَالنَّهَـارِ وَأَنَـا أَغْفِـرُ الـذُّنُوبَ جَمِيعًـا فَاسْـتَغْفِرُونِى أَغْفِـرْ لَكُـمْ يَـا عِبَـادِى إِنَّكُـمْ لَـنْ تَبْلُغُوا ضَـرِّى فَتَضُـرُّونِى وَلَـنْ تَبْلُغُوا نَفْعِـى فَتَنْفَعُـونِى يَـا عِبَـادِى لَـوْ أَنَّ أَوَّلَكُـمْ وَآخِـرَكُمْ وَإِنْسَـكُمْ وَجِـنَّكُمْ كَـانُوا عَلَـى أَتْقَـى قَلْـبِ رَجُـلٍ وَاحِـدٍ مِـنْكُمْ مَـا زَادَ ذَلِـكَ فِـى مُلْكِـى شَـيْئًا يَـا عِبَـادِى لَـوْ أَنَّ أَوَّلَكُـمْ وَآخِـرَكُمْ وَإِنْسَـكُمْ وَجِـنَّكُمْ كَـانُوا عَلَـى أَفْجَـرِ قَلْـبِ رَجُـلٍ وَاحِـدٍ مَـا نَقَـصَ ذَلِـكَ مِـنْ مُلْكِـى شَـيْئًا يَـا عِبَـادِى لَـوْ أَنَّ أَوَّلَكُـمْ وَآخِـرَكُمْ وَإِنْسَـكُمْ وَجِـنَّكُمْ قَـامُوا فِـى صَـعِيدٍ وَاحِـدٍ فَسَـأَلُونِى فَأَعْطَيْـتُ كُـلَّ إِنْسَـانٍ مَسْـأَلَتَهُ مَـا نَقَـصَ ذَلِـكَ مِمَّـا عِنْـدِى إِلاَّ كَمَـا يَـنْقُصُ الْمِخْـيَطُ إِذَا أُدْخِـلَ الْبَحْـرَ يَـا عِبَـادِى إِنَّمَـا هِـىَ أَعْمَـالُكُمْ أُحْصِـيهَا لَكُـمْ ثُـمَّ أُوَفِّـيكُمْ إِيَّاهَـا فَمَـنْ وَجَـدَ خَيْرًا فَلْيَحْمَدِ اللَّهَ وَمَنْ وَجَدَ غَيْرَ ذَلِكَ فَلاَ يَلُومَنَّ إِلاَّ نَفْسَهُ ». صحيح مسلم

അതുകൊണ്ട് ഇസ്‌ലാമിന് ആളുകളെ ബലാൽകാരമായി അതിലേക്ക് കൊണ്ടുവരേണ്ടതിന്റേയോ നിർബന്ധിത മതപരിവർത്തന കേന്ദ്രങ്ങൾ നടത്തേണ്ടതിന്റേയോ യാതൊരു ആവശ്യവുമില്ല. ഖുർആനിൽ എത്ര ഇടങ്ങളിലാണ് ഇക്കാര്യം അല്ലാഹു പ്രഖ്യാപിച്ചിട്ടുള്ളത്?!

لَا إِكْرَاهَ فِي الدِّينِ قَدْ تَبَيَّنَ الرُّشْدُ مِنَ الْغَيِّ فَمَنْ يَكْفُرْ بِالطَّاغُوتِ وَيُؤْمِنْ بِاللَّهِ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَى لَا انْفِصَامَ لَهَا وَاللَّهُ سَمِيعٌ عَلِيمٌ (البقرة 256)

لَيْسَ عَلَيْكَ هُدَاهُمْ وَلَكِنَّ اللَّهَ يَهْدِي مَنْ يَشَاءُ وَمَا تُنْفِقُوا مِنْ خَيْرٍ فَلِأَنْفُسِكُمْ وَمَا تُنْفِقُونَ إِلَّا ابْتِغَاءَ وَجْهِ اللَّهِ وَمَا تُنْفِقُوا مِنْ خَيْرٍ يُوَفَّ إِلَيْكُمْ وَأَنْتُمْ لَا تُظْلَمُونَ (البقرة 272)

وَلَوْ شَاءَ رَبُّكَ لَآمَنَ مَنْ فِي الْأَرْضِ كُلُّهُمْ جَمِيعًا أَفَأَنْتَ تُكْرِهُ النَّاسَ حَتَّى يَكُونُوا مُؤْمِنِينَ (يونس 99)

قَالَ يَا قَوْمِ أَرَأَيْتُمْ إِنْ كُنْتُ عَلَى بَيِّنَةٍ مِنْ رَبِّي وَآتَانِي رَحْمَةً مِنْ عِنْدِهِ فَعُمِّيَتْ عَلَيْكُمْ أَنُلْزِمُكُمُوهَا وَأَنْتُمْ لَهَا كَارِهُونَ (هود 28)

نَحْنُ أَعْلَمُ بِمَا يَقُولُونَ وَمَا أَنْتَ عَلَيْهِمْ بِجَبَّارٍ فَذَكِّرْ بِالْقُرْآنِ مَنْ يَخَافُ وَعِيدِ (ق 45)

فَذَكِّرْ إِنَّمَا أَنْتَ مُذَكِّرٌ (21) لَسْتَ عَلَيْهِمْ بِمُصَيْطِرٍ ( الغاشية)

ഇതിലെ ബഖറ 256 ന്റെ അവതരണ പശ്ചാതലം ഇങ്ങനെയാണ്.

قول تعالى: { لا إكراه في الدين } أي: لا تكرهوا أحدا على الدخول في دين الإسلام فإنه بين واضح جلي دلائله وبراهينه لا يحتاج إلى أن يكره أحد على الدخول فيه، بل من هداه الله للإسلام وشرح صدره ونور بصيرته دخل فيه على بينة، ومن أعمى الله قلبه وختم على سمعه وبصره فإنه لا يفيده الدخول في الدين مكرها مقسورا. وقد ذكروا أن سبب نزول هذه الآية في قوم من الأنصار، وإن كان حكمها عاما.

## ലാ ഇക്റാഹ ഫിദ്ധീൻ

وقال ابن جرير: عن ابن عباس قال: كانت المرأة تكون مقلاتا فتجعل على نفسها إن عاش لها ولد أن تهوده، فلما أجليت بنو النضير كان فيهم من أبناء الأنصار فقالوا: لا ندع أبناءنا فأنزل الله عز وجل: { لا إكراه في الدين قد تبين الرشد من الغي }

وهكذا ذكر مجاهد وسعيد بن جبير والشعبي والحسن البصري وغيرهم: أنها نزلت في ذلك.

وقال محمد بن إسحاق عن محمد بن أبي محمد الجرشي عن زيد بن ثابت عن عكرمة أو عن سعيد بن جبير عن ابن عباس قوله: { لا إكراه في الدين } قال: نزلت في رجل من الأنصار من بني سالم بن عوف يقال له: الحصيني كان له ابنان نصرانيان، وكان هو رجلا مسلما فقال للنبي صلى الله عليه وسلم: ألا أستكرههما فإنهما قد أبيا إلا النصرانية؟ فأنزل الله فيه ذلك.

رواه ابن جرير وروى السدي نحو ذلك وزاد: وكانا قد تنصرا على يدي تجار قدموا من الشام يحملون زيتا فلما عزما على الذهاب معهم أراد أبوهما أن يستكرههما، وطلب من رسول الله صلى الله عليه وسلم أن يبعث في آثارهما، فنزلت هذه الآية.

നിർബന്ധിത ഇസ്‌ലാമികാശ്ലേഷണം എന്ന ഒന്ന് ഇല്ലെന്ന് ഇപ്പറഞ്ഞതിൽ നിന്ന് വ്യക്തമാണ്. അങ്ങനെ വല്ലതും സംഭവിച്ചാൽ തന്നെ അത് അസ്വീകാര്യവും അംഗീകാരമില്ലാത്തതുമാണ്. കാരണം ഹിദായത്ത് അല്ലാഹു നൽകുന്നതാണ്. അവൻ ഇഛിക്കുന്നവർക്ക് അവനത് നൽകും. നാം ഉദ്ദേശിക്കുന്നവർക്കല്ല. അല്ലെങ്കിൽ അബൂഥാലിബിന്റെ മരണത്തിന്റെ മുമ്പ് ഇസ്‌ലാം സ്വീകരിക്കേണ്ടതായിരുന്നു. പ്രവാചകൻ(സ്വ) ഏറെ ആഗ്രഹിച്ച കാര്യമായിരുന്നല്ലോ അത്.

إِنَّكَ لَا تَهْدِي مَنْ أَحْبَبْتَ وَلَكِنَّ اللَّهَ يَهْدِي مَنْ يَشَاءُ وَهُوَ أَعْلَمُ بِالْمُهْتَدِينَ (القصص 56)

ചുരുക്കത്തിൽ ചിലർ ഇസ്‌ലാമിലേക്ക് കടന്നുവന്നതിനെ നാം പരിധിവിട്ട് ആഘോഷിക്കുകയോ മറ്റു ചിലർ ഇസ്‌ലാമിൽ നിന്ന് പുറത്തുപോയതിന്റെ പേരിൽ നാം സങ്കടപ്പെടുകയോ ചെയ്യേണ്ട കാര്യമില്ല. നേരത്തെ അല്ലാഹു പ്രവാചകന് നൽകിയിരുന്ന നിർദേശങ്ങളിൽ ഒന്ന് ഇതായിരുന്നു (ഫാത്വിർ 8, നഹ്ൽ 127, നംല് 70, ലുഖ്മാൻ 23, ശുഅറാഅ് 3).

وَلَا يَحْزُنْكَ الَّذِينَ يُسَارِعُونَ فِي الْكُفْرِ إِنَّهُمْ لَنْ يَضُرُّوا اللَّهَ شَيْئًا يُرِيدُ اللَّهُ أَلَّا يَجْعَلَ لَهُمْ حَظًّا فِي الْآخِرَةِ وَلَهُمْ عَذَابٌ عَظِيمٌ (آل عمران 176)

فَلَعَلَّكَ تَارِكٌ بَعْضَ مَا يُوحَى إِلَيْكَ وَضَائِقٌ بِهِ صَدْرُكَ أَنْ يَقُولُوا لَوْلَا أُنْزِلَ عَلَيْهِ كَنْزٌ أَوْ جَاءَ مَعَهُ مَلَكٌ إِنَّمَا أَنْتَ نَذِيرٌ وَاللَّهُ عَلَى كُلِّ شَيْءٍ وَكِيلٌ (هود 12)

لَا تَمُدَّنَّ عَيْنَيْكَ إِلَى مَا مَتَّعْنَا بِهِ أَزْوَاجًا مِنْهُمْ وَلَا تَحْزَنْ عَلَيْهِمْ وَاخْفِضْ جَنَاحَكَ لِلْمُؤْمِنِينَ (الحجر 88)

فَلَعَلَّكَ بَاخِعٌ نَفْسَكَ عَلَى آثَارِهِمْ إِنْ لَمْ يُؤْمِنُوا بِهَذَا الْحَدِيثِ أَسَفًا (الكهف 6)

**HADIA CSE Khutba Notes (29.09.2017)**

## ലാ ഇക്റാഹ ഫിദ്ദീൻ

സമീപകാലത്ത് നടന്ന ചില പ്രശസ്തമായ ഇസ്‌ലാമാശ്ലേഷണങ്ങളെപ്പറ്റി (ഹാദിയ, ആയിഷ, ശഹീദ് ഫൈസലിന്റെ കുടുംബം, റാഹിമയുടെ ഭർത്താവ്) നാം സോഷ്യൽ മീഡിയകളിലും അല്ലാതെയും നടത്തുന്ന ചില പ്രതികരണങ്ങളാണ് ഇങ്ങനെ ഒരു ചിന്ത പങ്കുവെക്കാനുള്ള കാരണം. ഇവയിലെ മനുഷ്യാവകാശ ലംഘനങ്ങൾ നാം കാണാതെ പോവരുത്. അതിനപ്പുറം ഇവ ആഘോഷിക്കപ്പെടുകയോ മറ്റോ ചെയ്യുന്നത് വിശ്വാസികൾക്ക് ഭൂഷണമല്ല. സാഹചര്യവശാലോ മറ്റോ 'ആതിര' സനാതന ധർമ്മത്തിലേക്ക് തിരിച്ച് പോയത് ഹിദായത്ത് ലഭിക്കാനുള്ള ഭാഗ്യമില്ലാത്തത് കൊണ്ടാണെന്ന് വരെ ചിലർ പറഞ്ഞുകളഞ്ഞു! നമ്മുടെ ഉത്തരവാദിത്വം യുക്തിപൂർണമായ പ്രബോധനമാണ്. അത് നാം നിർവഹിച്ച് കൊണ്ടിരിക്കുക.

وَإِنْ مَا نُرِيَنَّكَ بَعْضَ الَّذِي نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِنَّمَا عَلَيْكَ الْبَلَاغُ وَعَلَيْنَا الْحِسَابُ (الرعد 40)

**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence (CSE)**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in

**For any clarification: 9496445823**

**Visit: www.hadia.in**

Follow our updates & like us: https://www.facebook.com/HADIACSE/